# പനിനീർപ്പൂവുകൾ



എന്നുള്ളിലെന്നുമുറങ്ങിക്കിടക്കുന്ന
മുഗ്ധമോഹങ്ങളെച്ചുംബിച്ചുണർത്തുവാൻ

എന്തിന്നു വന്നു വിരിയുന്നിതെൻ വീട്ടു
മുറ്റത്തു പിന്നെയും ചെമ്പനീർപ്പൂവുകൾ?

എന്നുള്ളിലെന്നും മയങ്ങിക്കിടക്കുന്ന
നഷ്ടസ്മൃതികളെപ്പാടിയുറക്കുന്ന

കുഞ്ഞിളംകാറ്റിൻെറ കൈവിരൽത്തുമ്പുകൾ
എന്തിന്നു നുള്ളിവിരിപ്പൂ പൂമൊട്ടുകൾ?

എൻെറ കിനാവുകളെൻെറ വിമൂകമാം
ദുഃഖങ്ങളെൻ മോഹഭംഗങ്ങളൊക്കെയും

എന്തിന്നു ചാലിച്ചെഴുതുന്നു പിന്നെയും
ചെമ്പനീർപ്പൂവിൻ കവിളത്തു കുങ്കുമം?

അജ്ഞാത ദുഃഖങ്ങൾ തൻ നനവാർന്നതാം
ഇക്കടൽത്തീരത്തു ഞാനിരിക്കേ

സിന്ദൂരഭംഗി കലർന്നൊരീ സന്ധ്യയിൽ
മന്ദഹസിക്കുന്നതെന്തിനീപ്പൂവുകൾ?■

**കുങ്കുമം വാരിക**